**പാവപ്പെട്ടവന്റെ നിലനിൽപ്പ് തകരാറിലാകുന്ന കാലത്ത് പണക്കൊഴുപ്പിന്റെ മാമാങ്കമായി മാറിയ ഒരു തിരഞ്ഞെടുപ്പിൽ നിരാലംബരുടെ ശബ്ദമാകാൻ കഴിഞ്ഞതിന്റെ അനുഭങ്ങൾ എറണാകുളം ലോകസഭാമണ്ഡലത്തിൽ മത്സരിച്ച മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ സ്ഥാനാർത്ഥി മേരിചേച്ചി കേരളീയവുമായി പങ്കുവയ്ക്കുന്നു.**

# തിരഞ്ഞെടുപ്പ് പ്രചരണം സമരായുധമായി



*കൊട്ടിഘോഷിക്കുന്ന പുത്തൻ വികസന പദ്ധതികളെല്ലാം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനതയെ നിത്യേന തെരുവിലേക്ക് വലിച്ചെറിയുന്നതിന്റെ ആവർത്തനങ്ങളായി മാറുന്നതിനെതിരെയുള്ള ജനാധിപത്യപരമായ പ്രതിഷേധമായിരുന്നു വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ മുലമ്പിള്ളിയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട മേരി ഫ്രാൻസിസിന്റെ പാർലമെന്റ് ഇലക്ഷനിലെ സ്ഥാനാർത്ഥിത്തം. ജയപരാജയത്തെക്കുറിച്ചുള്ള നേരിയ ചിന്തപോലുമില്ലാത്ത ഈ നീക്കം കിട്ടിയ വോട്ടിന്റെ ശതമാനക്കണക്കുകളെണ്ണുന്നതിനേക്കാൾ പ്രാധാന്യം കൊടുക്കുന്നത് മുലമ്പിള്ളി സമരം മുന്നോട്ടുവച്ച രാഷ്ട്രീയത്തെ തിരഞ്ഞെടുപ്പ് കാലത്ത് ഒരു സജീവ ചർച്ചയായി ജനമനസുകളിൽ നിലനിർത്തുക എന്നതായിരുന്നു. വൻകിട കുത്തകകൾക്കും വിദേശ കമ്പിനികൾക്കും മുന്നിൽ പൊതുജനങ്ങളോട് കാണിക്കേണ്ട സാമാന്യ പരിഗണനകൾ പോലും സർക്കാർ അടിയറവയ്ക്കുന്നതിന്റെ വേദനാജനകമായ ഉദാഹരണമായിരുന്നു മൂലമ്പിള്ളി. പുനരധിവാസ സൗകര്യങ്ങളൊന്നുമൊരുക്കാതെ പോലീസ് ബലപ്രയോഗത്താൽ മുലമ്പിള്ളിയിൽ നിന്നും കുടിയിറക്കപ്പെട്ട 22 കുടുംബങ്ങളുടെ മാത്രം പ്രതിനിധിയായല്ല മേരി ഫ്രാൻസിസ് തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാനെത്തിയത്. വികലമായ വികസന സങ്കൽപ്പങ്ങളെ കുടിയിരുത്തുന്ന പുത്തൻ മനോഭാവങ്ങളുടെ ഭാഗമായി എപ്പോൾ വേണമെങ്കിലും കുടിയൊഴിപ്പിക്കപ്പെടാവുന്ന അവസ്ഥയിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്ന നിരാലംബരായ ജനതയുടെ പ്രതിനിധിയായിരുന്നു മേരി ഫ്രാൻസിസ്. മേരിചേച്ചി സംസാരിക്കുന്നു.*

ഞങ്ങൾ മൂലമ്പിള്ളിക്കാർക്കുണ്ടായ അനുഭവം മറ്റാർക്കുമുണ്ടാകരുതെന്ന തോന്നലിൽ നിന്നുമാണ് ഞങ്ങളുടെ ദുരനുഭവങ്ങൾ എല്ലാവരേയും അറിയിക്കുന്നതിനായി സ്വതന്ത്രയായിത്തന്നെ ഇലക്ഷനിൽ മത്സരിക്കാൻ തീരുമാനിച്ചത്. വികസനത്തിന്റെ പേരിൽ നിങ്ങൾക്ക് കുടിയൊഴിപ്പിക്കണമെങ്കിൽ തീർച്ചയായും സ്ഥലത്തിന് മാർക്കറ്റ് വില നൽകി വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ കുടിയൊഴിപ്പിക്കപ്പെടുന്നവരെ മാന്യമായ രീതിയിൽ പുനരധിവസിപ്പിക്കണ്ടതുണ്ട്. അല്ലാതെ പോലീസിനെ കൊണ്ടുവന്ന് ഞങ്ങളെ തെരുവിലിറക്കിയതുപോലൊരു സംഭവം ഇനി ആവർത്തിക്കാൻ പാടില്ല എന്ന ഉറച്ച തീരുമാനത്തിൽ നിന്നുമാണ് ഞാൻ സ്ഥാനാർത്ഥിയാകാൻ തീരുമാനിക്കുന്നത്. മൂലമ്പിള്ളിയിലെ 10 കുടുംബങ്ങൾ ഇപ്പോഴും താത്കാലികമായുണ്ടാ

ക്കിയ ടെന്റുകളിൽ തീർത്തും മോശമായ അവസ്ഥയിലാണ് കഴിയുന്നത്. നമുക്കിതുവരെ മാന്യമായ പുനരധിവാസം നൽകാൻ സാധിക്കാത്ത സർക്കാർ വല്ലാർപാടം പദ്ധതി പൂർത്തിയാക്കാൻ കാണിക്കുന്ന തിടുക്കം അത്ഭുതപ്പെടുത്തുന്നതാണ്. പദ്ധതി പൂർത്തിയാക്കുന്നതിനെക്കുറിച്ച് അവർ ഇടയ്ക്കിടയ്ക്ക് പത്രങ്ങൾ വഴി വീരവാദങ്ങൾ മുഴക്കുന്നുണ്ടെങ്കിലും മൂലമ്പിള്ളിക്കാർ ഇപ്പോഴും അനുഭവിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ഒന്നും മിണ്ടാൻ തയ്യാറാകുന്നില്ല. കോടതി കൊടുത്ത കാലാവധി കഴിഞ്ഞിട്ട് 4 മാസം വീണ്ടും നീട്ടി എന്നിട്ടും ഞങ്ങളിപ്പോഴും കുടിലുകളിലും വാടകവീടുകളിലും തന്നെ കഴിയുന്നു. ഞങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി വീടുനിർമ്മിച്ച് നൽകാൻ ഇത്ര വലിയ കണ്ടെയ്നർ നിർമ്മിക്കുന്ന സർക്കാരിന് എന്താണ് താമസമെന്നാണ് മനസിലാകാത്തത്? ഞങ്ങളെ ഇറക്കിവിടാൻ തിടുക്കം കാണിച്ച ഉദ്യോഗസ്ഥൻമാരെല്ലാം ഇന്ന് ഒന്നും മിണ്ടുന്നില്ല. നമ്മൾ നാളുകളായി കഷ്ടപ്പെട്ടുണ്ടാക്കിയ ഭൂമിയിൽ നിന്ന് 1894ലെ കരിനിയമമനുസരിച്ച് പിടിച്ചിറക്കുന്നതിന് എന്ത് ന്യായീകരണമാണ് പറയാൻ കഴിയുന്നത്. വലിയ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്നതിന് വേണ്ടി ജനങ്ങളെ കൊട്ടാരത്തിൽ നിന്നും കുടിലിലേക്ക് മാറ്റുന്നതാണ് ഇപ്പോൾ അധികാരികളുടെ നയം. ഇതിനെതിരെയെല്ലാം പ്രശ്നങ്ങൾ അനുഭവിച്ചവരുടെ ഭാഗത്തുനിന്നു തന്നെ പ്രതികരണങ്ങളുണ്ടാകണമെന്നതുകൊണ്ടാണ് ജയവും പരാജയവുമൊന്നും വിഷയമാക്കാതെ തിരഞ്ഞെടുപ്പിനെ നേരിടാൻ തീരുമാനിച്ചത്.

ജനങ്ങളുടെ ഭാഗത്തുനിന്നും നല്ല പിന്തുണയാണ് ലഭിച്ചത്. പാർട്ടികളെയെല്ലാം ആളുകൾക്ക് ഭയമായതിനാൽ പലരും പേടിച്ചിട്ട് പരസ്യമായ പിന്തുണ നല്കിയില്ല. പാർട്ടിക്കാരുടെ ഭാഗത്ത് നിന്ന് പല ആനുകൂല്യങ്ങളും പറ്റാൻ നിൽക്കുന്നവർ ഒന്നും പ്രതികരിക്കാൻ തയ്യാറായില്ല. എന്നാലും മൂലമ്പിള്ളിക്കാരോട് സർക്കാർ ചെയ്തതെല്ലാം തെറ്റാണെന്ന് വിശ്വസിക്കുന്ന നിരവധിയാ



ളുകളെ തിരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ ഞാൻ കണ്ടു. എറണാകുളം മണ്ഡലത്തിന്റെ മുഴുവൻ ഭാഗങ്ങളിലും തിരഞ്ഞെടുപ്പ് പ്രചരണത്തിനായി ഞങ്ങൾ പോയിരുന്നു. ഒരു സാധാരണ സ്വതന്ത്ര സ്ഥാനാർത്ഥിക്ക് ലഭിക്കുന്നതിനേക്കാളേറെ വലിയ പിന്തുണയാണ് എല്ലായിടത്തും ലഭിച്ചത്. മൂലമ്പിള്ളി പ്രശ്നം അറിയാത്തവരെ എവിടെയും കാണാൻ സാധിച്ചില്ല. ഇത് ഞങ്ങളുടെ മാത്രം അനുഭമായി ചുരുങ്ങാൻ പോകുന്നില്ലെന്നും ഇന്നത്തെ കാലത്ത് എവിടെയും സംഭവിക്കാൻ സാധ്യതയുള്ളതുമാണെന്ന് ഞങ്ങൾ എല്ലാവരോടും പറഞ്ഞു. ടൗൺ ഏരിയയിലുള്ളവരുടെ ഭാഗത്തുനിന്നെല്ലാം നല്ല പ്രതികരണമാണുണ്ടായത്. ടിവിയിലും പേപ്പറിലുമൊക്കെയായി എന്നെക്കണ്ട് പരിചയമുള്ളവരായിരുന്നു അവരിലേറെപ്പേരും. മേരിചേച്ചി ധൈര്യമായി നിന്നോളൂ, ഞങ്ങളുടെ എല്ലാവിധ പിന്തുണയുമുണ്ടെന്നു പറഞ്ഞ നിരവധി പേരെകാണാൻ കഴിഞ്ഞു.

സെലസ്റ്റിൻ മാഷുടെ വീട് പൊളിക്കുന്ന പടം വച്ചിട്ടാണ് കോൺഗ്രസുകാരുപോലും വോട്ടുപിടിച്ചത്. കെ.വി തോമസിനെ കണ്ടപ്പോൾ അത് നേരിട്ട് ചോദിച്ചെങ്കിലും അദ്ദേഹം ഒന്നും മിണ്ടാൻ തയ്യാറായില്ല. പക്ഷെ നമ്മൾ പറയേണ്ടുന്ന കാര്യം അവർക്കും പറയേണ്ടിവന്നു എന്നതാണ് മൂലമ്പിള്ളി സമരത്തിന്റെ പ്രധാന വിജയമായി ഞങ്ങൾ കരുതുന്നത്. ജനങ്ങളെല്ലാം രാഷ്ട്രീയക്കാർ ഞങ്ങളോട് ചെയ്ത ക്രൂരതകൾ തിരിച്ചറിയണം അതുവഴി മൂലമ്പിള്ളി രാഷ്ട്രീയക്കാർക്ക് ഒരു പാഠമായിമാറണം എന്ന പ്രചരണത്തിലെ ഞങ്ങളുടെ മുഖ്യഅജണ്ട പൂർണ്ണമായും വിജയത്തിലെത്തിയെന്നുതന്നെ പറയാം.

പര്യടനത്തിനുപോയ സ്ഥലങ്ങളിലെല്ലാം ഞാൻ പ്രസംഗിച്ചിരുന്നു. ഇന്ത്യാ വിഷനിൽ നടന്ന ഒരു ചാനൽ ചർച്ചയിൽ മൂലമ്പിള്ളിക്കാരുടെ കാര്യങ്ങൾ പറഞ്ഞ് മന്ത്രി കെ.പി രാജേന്ദ്രനോട് തർക്കിച്ചിരുന്നു. വല്ലാർപ്പാടത്തേക്കുള്ള റോഡിന്റെ ആദ്യ അലൈൻമെന്റ് മൂലമ്പിള്ളി വഴിയായിരുന്നില്ല പോയിരുന്നത്. ചില സമ്പന്നരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അലൈൻമെന്റ് പിന്നീട് മാറ്റി വരയ്ക്കുകയായിരുന്നു. റവന്യൂ മന്ത്രി അറിഞ്ഞുകൊണ്ടാണ് ഇതെല്ലാം നടന്നത്. ചാനൽ ചർച്ചയിൽ ഇക്കാര്യം ചോദിച്ചപ്പോൾ മന്ത്രി ഉത്തരം മുട്ടിപ്പോയി. അതോടെയാണ് എനിക്ക് ഒരു കൂസലുമില്ലാതെ സംസാരിക്കാനുള്ള ധൈര്യം കിട്ടിയത്. എറണാകുളത്തെ മുൻ കളക്ടറുടെ ബന്ധുക്കൾക്കു വേണ്ടിയായിരുന്നു പഴയ അലൈൻമെന്റ് മാറ്റി വരച്ചത്. അതോടെ വീടുകൾ പോവുക മാത്രമല്ല ഉണ്ടായത്, എത്ര ചെമ്മീൻ കെട്ടുകളാണ് അടഞ്ഞുപോയത്? എത്ര പൊക്കാളി പാടങ്ങളാണ് നികന്നുപോയത്? ഇതിനൊന്നും മറുപടി പറയാതെ ഒരു വികസനത്തെക്കുറിച്ചും സംസാരിക്കാൻ ഒരു മന്ത്രിക്കും കഴിയില്ല. ഇതിനി ആവർത്തിക്കാൻ പാടില്ല. ഇലക്ഷൻ സമയത്ത് ഞങ്ങൾ മിണ്ടാതിരിക്കുകയാണെങ്കിൽ ബഹളങ്ങൾക്കിടയിൽ ഇത്തരം പ്രധാന വിഷയങ്ങളെല്ലാം മുങ്ങിപ്പോകും. മൂലമ്പള്ളി പാക്കേജ് മികച്ചതാണെന്ന് പറഞ്ഞിട്ടെന്തായി. ഞങ്ങളിപ്പോഴും തെരുവിൽ തന്നെ. ജനങ്ങൾ ഭരിക്കുന്നെന്നു പറയുന്ന രാജ്യത്ത് ഭരണാധികാരികൾ ജനങ്ങൾക്ക് പാരയായി മാറുന്ന അവസ്ഥയുണ്ടാകുന്നുണ്ടെന്നും അത് തടയാൻ ജനങ്ങൾ തന്നെ മുന്നോട്ട് വരണമെന്നും തിരഞ്ഞെടുപ്പ് പ്രചരണത്തിലൂടെ അറിയിക്കാൻ കഴിഞ്ഞതിൽ തികച്ചും സന്തുഷ്ടയാണ്.

*(ബന്ധങ്ങൾക്ക് : ഫ്രാൻസിസ് കളത്തുങ്കൽ, 9495430861)*